# പുന്നപ്ര ബഹുനില വ്യവസായ സമുച്ചയത്തിന്റെ ഉദ്ഘാടനം

# &

# വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും നിർമ്മാണ ഉദ്ഘാടനം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര ബഹുനില വ്യവസായ സമുച്ചയത്തിന്റെ ഉദ്ഘാടനവും, വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും നിർമ്മാണ ഉദ്ഘാടനവും പുന്നപ്ര വ്യവസായ എസ്റ്റേറ്റിലെ ബഹുനില വ്യവസായ സമുച്ചയത്തിന്റെ അങ്കണത്തിൽ വെച്ച് ബഹു.വ്യവസായ കയർ നിയമ വകുപ്പു മന്ത്രി ശ്രീ.പി.രാജീവ് അവർകൾ 2022 മെയ് മാസം 9–ാം തീയതി വൈകിട്ട് 4 മണിയ്ക്ക് നിർവ്വഹിക്കുകയുണ്ടായി.

ഉദ്ഘാടന ചടങ്ങിൽ ബഹു. അമ്പലപ്പുഴ എം.എൽ.എ ശ്രീ.എച്ച്.സലാം അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബാ രാകേഷ് , പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.സജിതാ സതീശൻ, ഗ്രാമ പഞ്ചായത്ത് അംഗം ശ്രീ.വിശാഖ് വിജയൻ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.കെ.സുധീർ, കിറ്റ്കോ മാനേജിംഗ് ഡയറക്ടർ ശ്രീ.ഡബ്ല്യു.ആർ ഹരിനാരായണരാജ്, കെ.എസ്.എസ്.ഐ.എ ആലപ്പുഴ പ്രസിഡന്റ് ശ്രീ.വി.കെ.ഹരിലാൽ, വാടയ്ക്കൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് ശ്രീ.പി.വി.രാജ്കുമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ.സി.ഒ.രഞ്ജിത്ത് തുടങ്ങിയർ പങ്കെടുത്തു.

ജില്ലയിൽ വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലാണ് ബഹുനില വ്യവസായ എസ്റ്റേറ്റ് എന്ന ആശയത്തിൽ സമുച്ചയം നിർമ്മിച്ചത്. പുന്നപ്ര വ്യവസായ എസ്റ്റേറ്റിൽ 4251 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മാണം പൂർത്തിയാക്കിയ ശാലയിൽ മൂന്ന് നിലകളിലായി 37 മുറികൾ സംരംഭങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനായി ഒരുക്കിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 15 കോടി രൂപയുടെ നിക്ഷേപവും, 750 ആളുകൾക്ക് തൊഴിലവസരവും ശാലയിലെ സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്തായി 89 സെന്റ് ഭൂമിയിൽ 4180 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിന്റേയും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും നിർമ്മാണമാരംഭിക്കുന്നത്.

സംരംഭങ്ങളുടെയും പരമ്പരാഗത മേഖലയുടെയും ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സ്ഥിര വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിക്കുന്ന വിവിധോദ്ദ്യേശ വ്യാപാര പ്രോത്സാഹന കേന്ദ്രത്തിൽ സംരംഭക സഹായ സ്ഥാപനങ്ങൾ, പരമ്പരാഗത വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും വേദി ഒരുങ്ങും. എക്സിബിഷൻ ഹാൾ, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ, ഓഫീസ് മുറികൾ എന്നിവയ്ക്കും സൗകര്യമൊരുക്കുന്ന കേന്ദ്രം ഒരു എം.എസ്.എം.ഇ ഹബ്ബ് ആയി മാറും.